# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 44 29-06-2015-ൽ മറുപടിയ്ക്ക്.**

## ലോട്ടറി രംഗത്തെ കർമ്മ പദ്ധതികൾ

| | ചോദ്യം<br>ശ്രീ. എം. പി. വിൻസെൻറ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഏജന്റുമാർക്കും വിൽപനക്കാർക്കും തിരിച്ചറിയൽ കാർഡും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.<br>ടിക്കറ്റച്ചടിയുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനായി വാട്ടർ മാർക്ക് പേപ്പറിൽ ടിക്കറ്റ് അച്ചടിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇതിന് പുറമേ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാന ഘടന പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് അന്വേഷിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. ഡി. പ്രേമചന്ദ്രനെ (റിട്ട.ജില്ലാ ജഡ്ജി) ഏകാംഗകമ്മീഷനായി നിയമിച്ചിരുന്നു. |
| (സി) | പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | 1. ടിക്കറ്റു വിതരണത്തിലെ വിവേചനം, ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റു ലഭിക്കുന്നില്ല എന്ന ആക്ഷേപം.<br>2. ഏജന്റുമാർ തമ്മിൽ ടിക്കറ്റു പരസ്പരം കൈമാറി ഏജന്റു കമ്മീഷൻ തിരിമറി നടത്തുന്ന പ്രവണത.<br>3. ഒരേ നമ്പരിലുള്ള 2 ടിക്കറ്റുകൾ വിതരണം ചെയ്ത സംഭവം ടിക്കറ്റു പ്രിന്റിംഗിലെയും വിതരണത്തിലെയും നിലവിലുള്ള അപാകതകൾ . |

| | | | |
|---|---|---|---|
| | | | 4. ടിക്കറ്റു വിൽപനമൂലം ലഭിക്കുന്ന തുക യഥാസമയം ട്രഷറിയിൽ അടക്കാതിരിക്കുന്ന വീഴ്ച.<br>5. അന്യ സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി ഇല്ലായ്മ. |
| (ഡി) | സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ-കാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ; വ്യക്തമാക്കുമോ; | (ഡി) & (ഇ) | കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭ്യമാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | | |

Jayesh

**സെക്ഷൻ ഓഫീസർ.**